പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.283 29.06.2016 - ലെ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. പി. ഉണ്ണി ഡോ. ടി.എം. തോമസ് ഐസക്

ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| എ | സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | റവന്യു വർദ്ധിപ്പിക്കാനുള്ള ആത്മാർത്ഥവും ഊർജിതവുമായ ശ്രമങ്ങൾ വഴി നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനാവും ഇതോടൊപ്പം തന്നെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുണ്ട്. മൂലധനചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യുന്നതോടൊപ്പം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് ഉപയോഗിച്ചുകൊണ്ട് ബഡ്ജറ്റിന് പുറമേയുള്ള വായ്പ വാങ്ങലുകളിലൂടെ വൻകിട പദ്ധതികളിലുള്ള പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതുവഴി വളർച്ച ത്വരിതപ്പെടുത്തുവാനുദ്ദേശിക്കുന്നു.<br>പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള അടിസ്ഥാനസൗകര്യ വികസനത്തിനു വേണ്ടി 50,000 - 100000 കോടി രൂപയുടെ നിധി സമാഹരിക്കേണ്ടിയിരിക്കുന്നു.<br>അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ധനവകുപ്പ്, ട്രഷറികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ ഡാറ്റാ ബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പുതിയ ഫിനാൻഷ്യൽ മാനേജ് മെന്റ് സിസ്റ്റം ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം, ഇന്റലിജന്റ് ഫോർക്കാസ്റ്റിംഗ് ഉപാധികളുൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ് മെന്റ് സിസ്റ്റം എന്നിവ തയ്യാറാക്കും. ഈ ഉപാധികൾ ഇപ്പോഴുള്ള ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ സഹായിക്കും എന്ന് കരുതുന്നു. |
| ബി | നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നത് ഊർജ്ജിതമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | 1) ഏറ്റവും പ്രധാനം അഴിമതി ഇല്ലാതാക്കുകയാണ്.<br>2) കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിണി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.<br>3) ഉപഭോക്താകൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെ തന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി നിയമനിർമാണം നടത്തുന്നതിനും ഉദ്ദേശിക്കുന്നു.<br>4) കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br>5) ആധുനിക സംയോജിത ചെക്ക് പോസ്റ്റുകൾ സമയബന്ധിതമായി സ്ഥാപിക്കും.<br>6) അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും. |
| ഡി | വാണിജ്യനികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | |
| ഇ | നികുതി ചോർച്ച തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | 7) റിട്ടേൺ സ്ക്രൂട്ടിണി, കുടിശ്ശിക അസസ്സ് മെന്റ് എന്നിവ കാര്യക്ഷമമാക്കും.<br>8) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>9) നികുതി ചോർച്ച തടയുന്നതിന് റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളും കർശന നടപടി സ്വീകരിക്കുന്നുണ്ട്.<br>10) അനധികൃത മദ്യവിൽപ്പനക്കെതിരെ എക്സൈസ് വകുപ്പ് കർശന നിലപാട് സ്വീകരിക്കുന്നുണ്ട്.<br>11) വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ചു കാണിക്കുക, പർച്ചെയ്സ് വാല്യൂ കുറച്ചു കാണിക്കുക തുടങ്ങിയവയിലൂടെയുള്ള നികുതി തട്ടിപ്പിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശനനടപടികൾ കൈകൊള്ളും.<br>12) നികുതി ഭരണം ആധുനീകരിച്ചും അതുവഴി കാര്യക്ഷമമാക്കിയും അഴിമതി ഇല്ലാതാക്കും. |
| സി | വാണിജ്യനികുതി വരുമാനത്തിലെ വളർച്ച കുറഞ്ഞതായി കരുതുന്നുണ്ടോ; | വാണിജ്യനികുതി വരുമാനത്തിലെ വളർച്ച കുറഞ്ഞിട്ടുണ്ട് സംസ്ഥാന വാറ്റ് നികുതി വരുമാനം 2006-11 കാലത്ത് 17.41 ശതമാനം വച്ച് വളർന്നപ്പോൾ 2011-16 കാലത്ത് 12.5 ശതമാനം നിരക്കിലേ വളർച്ചയുണ്ടായുള്ളൂ. |

സെക്ഷൻ ഓഫീസർ